**ന ഹ്യന്തരം ഭഗവതീഹ സമസ്തകുക്ഷാ
വാത്മാന്മാത്മനി നഭോ നഭസീവ ധീരാ:
പശ്യന്തി യത്ര യുവയോസ്സുരലിംഗിനോ: കിം
വ്യുത്പാദിതം ഹ്യുദരഭേദി ഭയം യതോഽസ്യ (3–15–33)**

മൈത്രേയൻ തുടർന്നു:
തൻെറ രാക്ഷസപുത്രന്മാർ ദേവതകളെ ഉപദ്രവിക്കുമെന്നു ഭയന്ന ദിതി, ഗർഭത്തെ നൂറുവർഷത്തേക്ക് പുറത്തുവരുത്താതെ തൻെറയുള്ളിൽ സൂക്ഷിച്ചു. എങ്കിലും വരാൻപോവുന്ന അത്യാപത്തിന് മുന്നോടിയായി ലോകത്തിൻെറ തിളക്കം നഷ്ടപ്പെടുകയും ദേവതകളുടെ മാറ്റുകുറയുകയും ചെയ്തു. ദേവന്മാർ ബ്രഹ്മാവിൻെറ അടുക്കൽപ്പോയി വരാൻപോവുന്ന ആ ഇരുണ്ട ശക്തികളെപ്പറ്റി പരാതിപ്പെട്ട് പരിഹാരമാരാഞ്ഞു.

ബ്രഹ്മാവു വിവരിച്ചു: ദേവകളേ, പണ്ടൊരിക്കൽ എൻെറ മാനസപുത്രന്മാരായ സനകാദിമുനികൾ വൈകുണ്ഠത്തിൽ, വിഷ്ണുസവിധമണഞ്ഞു. ശുദ്ധപ്രകാശരൂപത്തിൽ വൈകുണ്ഠത്തിൽ വാണരുളുകയാണല്ലൊ ഭഗവാൻ. ഇവിടമത്രേ സർവ്വസൃഷ്ടികളുടേയും ഉൽഭവസ്ഥാനം. അനേകം സൗരയൂഥങ്ങളും അണ്ഠകടാഹങ്ങളും അവിടുത്തെ പ്രകീർത്തിക്കാനെന്നപോലെ വൈകുണ്ഠത്തിനെ വലംവെച്ചു കൊണ്ടേയിരിക്കുന്നു. ആ തലത്തിൽ എല്ലാംതന്നെ ശുദ്ധവും അതിഭൗതികവും ദിവ്യവുമത്രേ. ദിവ്യരത്നങ്ങളാലും സ്വർണ്ണത്തിനാലും തീർത്ത ആകാശരഥങ്ങളിലിരുന്ന് ദേവഗായകർ ഭഗവാനെ പ്രകീർത്തിച്ചു പാടുന്നു. സ്വയം കൃഷ്ണചിന്താവിലീനരായതുകൊണ്ട് മറ്റൊരുചിന്തകളും മനസ്സിലേശാതെ ഇവിടെയുള്ളവർ ഭക്തിപ്രേമ പാരമ്യത്തിലാണ്ടു കഴിയുകയാണ്. സ്വയം ധനലക്ഷ്മിയായ ലക്ഷ്മീദേവി ഭഗവത്സവിധത്തിൽ വെഞ്ചാമരംവീശി അവിടുത്തെ പ്രാർത്ഥിക്കുന്നു. ഈ തലത്തിലേക്കു കടക്കാൻ മനസ്സു മുഴുവനായി വിഷ്ണുവിൽ വിലീനമാവണം. നന്മയാൽ പൂരിതമായിരിക്കുകയും വേണം. വ്യഥാവർത്തമാനത്തിൽ സമയം കളയുന്നവർക്കുള്ളതല്ലത്രേ ഇവിടം.

സനകാദികൾ ഈ വിഷ്ണുതലത്തിൽ പ്രവേശിച്ചു. ആദ്യത്തെ ആറുദ്വാരങ്ങൾ ആരും തടസ്സപ്പെടുത്താതെ അവർ കടന്നുചെന്നു. ഏഴാം ദ്വാരത്തിൽ സ്വയം വിഷ്ണുരൂപത്തിലുള്ള ദ്വാരപാലന്മാർ അവരെ തടഞ്ഞു. ഇത് മുനിമാരെ ക്രുദ്ധരാക്കി. "ഈ വിശ്വംമുഴുവൻ ഭഗവാൻെറ ഉദരമായതുകൊണ്ട് ഇവിടെക്കഴിയുന്നവർ സ്വയം നാനാത്വത്തെ അറിയുന്നില്ല. അപ്പോൾപ്പിന്നെ നിങ്ങൾമാത്രം സ്വയം വിഷ്ണുസമാനമായ ദിവ്യശരീര രൂപമുണ്ടെങ്കിലും വൈവിദ്ധ്യത്തിൻെറ ഭയമേശി ഞങ്ങളുടെ യാത്ര തടയുവാൻ ഇടവന്നതെന്തുകൊണ്ട്?" ഈ രണ്ടുപേരും ലൗകീകജീവിതത്തിലേക്കു മടങ്ങിപ്പോയി സ്വയം പാപപരിഹാരം നേടി തിരിച്ചുവരട്ടെ എന്നു മുനിമാർ തീരുമാനിച്ചു. ദ്വാരപാലകർ ഇതുകേട്ടു ഭയചകിതരായി. തങ്ങൾക്കുകിട്ടിയ ശിക്ഷ ശിരസാവഹിച്ചെങ്കിലും ലോകവാസത്തിനിടയിലും ഭഗവൽച്ചിന്ത കൈവിടാതിരിക്കാൻ അനുഗ്രഹം നൽകണമെന്നവർ മുനിമാരോടഭ്യർത്ഥിച്ചു.

ദ്വാരപാലകരുടെ ചെയ്തികളറിഞ്ഞ വിഷ്ണുഭഗവാൻ സ്വയമിറങ്ങിവന്നു. മുനിമാർ ഭഗവൽമാഹാത്മ്യം പാടാൻ തുടങ്ങി. "ഭഗവൻ, അങ്ങ് മുൻപുതന്നെ ഞങ്ങളുടെ ഹൃദയത്തിൽ, ഞങ്ങളുടെ പിതാവായ ബ്രഹ്മാവു പറഞ്ഞറിഞ്ഞ രൂപത്തിൽ, കയറിയിരുന്നുവെങ്കിലും അങ്ങയുടെ രൂപം കൺമുന്നിൽക്കണ്ടു നിർവൃതിയടയാൻ ഇപ്പോഴാണു സാധിച്ചത്. എല്ലാവരുടേയും ഹൃദയത്തിൽ അങ്ങ് നിവസിക്കുന്നുവെങ്കിലും ദുഷ്ടമനസ്സുകൾക്കവിടുത്തെ കാണാൻ കഴിയില്ലതന്നെ. അങ്ങ് ആത്മീയസത്യം സാക്ഷാൽക്കരിച്ച മാമുനിമാർക്കും അഹംബോധമൊഴിഞ്ഞവർക്കും അവിടുത്തെത്തന്നെ കൃപയാൽ ദർശനം നൽകുന്നു. ഞങ്ങളുടെ ഭാവി എന്തായാലും അവിടുത്തെ പാദാരവിന്ദങ്ങളെ എപ്പോഴുമോർക്കാൻ ഞങ്ങൾക്കു സാധിക്കുമാറാകട്ടെ."